# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) സമുദ്ര പ്രതാപ് കപ്പലിന്റെ കമ്മീഷനിങ്ങിൽ ഇന്ത്യൻ തീരസംരക്ഷണ സേനയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി

**Prime Minister Narendra Modi congratulated the Indian Coast Guard on the commissioning of the ship Samudra Pratap.**

2) യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ ആഗ്രഹിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

**External Affairs Minister S. Jaishankar said that India is keen to strengthen its relationship with the European Union.**

3) 32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ തുടക്കമായി; ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു.

**The 32nd Swadeshi Science Congress began at the Central University of Kerala, Kasaragod; Governor Rajendra Vishwanath Arlekar inaugurated the event.**

4) കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് തിരുവനന്തപുരത്ത് തുടക്കമായി.

**The fourth edition of the Kerala Legislative Assembly International Book Festival commenced in Thiruvananthapuram.**

5) കനത്ത മൂടൽമഞ്ഞിനെ തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രെയിൻ, വിമാന സർവീസുകൾ തടസപ്പെട്ടു.

**Train and flight services were disrupted in various parts of the country due to dense fog.**

6) ടി-20 ലോകകപ്പ് മത്സര വേദി ഇന്ത്യയിൽ നിന്ന് മാറ്റണമെന്ന ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന്റെ അപേക്ഷ ഐ.സി.സി തള്ളി

**The International Cricket Council (ICC) has rejected the Bangladesh Cricket Board's (BCB) plea to shift their T20 World Cup 2026 matches out of India to another country.**

**HEADLINE-1**

**SAMUDRA PRATHAP**

സമുദ്ര പ്രതാപ് കപ്പലിന്റെ കമ്മീഷനിങ്ങിൽ ഇന്ത്യൻ തീരസംരക്ഷണ സേനയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിന്റെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് ശക്തിപകരുന്നതാണ് ഈ കപ്പലെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. കഴിഞ്ഞ ദിവസം ഗോവയിൽ നടന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങാണ് കപ്പൽ കമ്മീഷൻ ചെയ്തത്. സമുദ്ര മലിനീകരണ നിയന്ത്രണങ്ങൾ, തിരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവയ്ക്ക് പുറമേ സമുദ്രത്തിലെ എണ്ണച്ചോർച്ച തടയുന്നതിനുള്ള ആധുനിക സംവിധാനങ്ങളും ഉൾപ്പെട്ടതാണ് സമുദ്ര പ്രതാപ്. ഇന്ത്യൻ തീരസംരക്ഷണ സേന തദ്ദേശീയമായി രൂപകൽപന ചെയ്ത് നിർമിച്ച ആദ്യ മലിനീകരണ നിയന്ത്രണ കപ്പലാണിത്.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-2

**JAISHANKAR – LUXEMBOURG (INTRO)**

***യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ ആഗ്രഹിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ലക്സംബർഗിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. യൂറോപ്യൻ യൂണിയൻ നയരൂപീകരണത്തിൽ ലക്സംബർഗിന് നിർണായക സ്വാധീനമുണ്ടെന്നും ശ്രീ ജയശങ്കർ പറഞ്ഞു. ഭീകരവാദത്തെ പിന്തുണയ്ക്കുന്ന പാകിസ്ഥാൻ നിലപാടുകളെയും അദ്ദേഹം രൂക്ഷമായി വിമർശിച്ചു. ഭീകര പരിശീലന ക്യാമ്പുകൾക്ക് അവസരമൊരുക്കി***

***പതിറ്റാണ്ടുകളായി പാക്കിസ്ഥാൻ ഈ നിലപാട് തുടരുകയാണെന്ന് ശ്രീ ജയശങ്കർ പറഞ്ഞു. ഭീകരവാദത്തെ പാക്കിസ്ഥാൻ എല്ലായ്പ്പോഴും സാധാരണവത്കരിക്കുന്നതായും അദ്ദേഹം വിമർശിച്ചു. (വോയിസ് - എസ് ജയശങ്കർ.)***

☸☸☸☸☸☸☸☸☸☸☸☸☸

**Piyush Goyal**

കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയലിന്റെ രണ്ട് ദിവസത്തെ ബ്രസൽസ് സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടാണ് സന്ദർശനം. യൂറോപ്യൻ യൂണിയൻ വ്യാപാര കമ്മീഷണർ മർകോസ് സെഫ്ഷോവിച്ചുമായി ശ്രീ ഗോയൽ കൂടിക്കാഴ്ച നടത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-3

**GOVERNOR**

32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു. ഈ മാസം ഒൻപത് വരെയാണ് പരിപാടി. ശാസ്ത്ര മേഖലയിലെ സമഗ്ര സംഭാവനക്ക് സ്വദേശി ശാസ്ത്ര പുരസ്കാരങ്ങൾ സമ്മേളനത്തിൽ സമ്മാനിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-4

**BOOK FEST – CM**

സാമൂഹിക നവീകരണത്തിൽ പുസ്തകോത്സവങ്ങൾക്കും വായനയ്ക്കും നിർണായക പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകം ഇന്ന് നേരിടുന്ന വെല്ലുവിളികൾ വായനാ ലോകത്തിന്റെ സജീവ ചർച്ചയിലുണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ മാസം 13 വരെ നീളുന്ന പുസ്തകോത്സവത്തിൽ 180 ലേറെ പ്രസാധകർ പങ്കെടുക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

**SIR**

SIR- ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ

പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**UP SIR**

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായ കരട് വോട്ടർ പട്ടിക ഉത്തർ പ്രദേശിൽ പ്രസിദ്ധീകരിച്ചു. 12 കോടി 55 ലക്ഷത്തി 56,025 വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. രണ്ട് കോടി 89 ലക്ഷത്തോളം സമ്മതിദായകരെ ഒഴിവാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

❁❁❁❁❁❁❁❁❁❁❁❁❁

**ANNOUNCEMENT**

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

❁❁❁❁❁❁❁❁❁❁❁❁❁

**I S R O**

ഐഎസ്ആർഒയുടെ പിഎസ്എൽവി -സി 62 വിന്റെ വിക്ഷേപണം ഈ മാസം 12ന്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാവിലെ 10.17ന് പിഎസ്എൽവി -സി 62 കുതിച്ചുയരും. ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-N1 ഉൾപ്പെടെ 19 പേലോഡുകളെയും വഹിച്ചാണ് വിക്ഷേപണം.

☸☸☸☸☸☸☸☸☸☸☸☸☸

**PRAGATI- (INTRO)**

*രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്ന പ്രഗതി പ്ലാറ്റ്ഫോമിന്റെ 50-ാമത് യോഗം വിജയകരമായി പൂർത്തിയായി. 2015-ലാണ് പ്രധാനമന്ത്രി പ്രഗതിക്ക് തുടക്കം കുറിച്ചത്. ഹിമാചൽ പ്രദേശിലെ പർബതി-II ജലവൈദ്യുത പദ്ധതിയെക്കുറിച്ചാണ് പ്രഗതിയുടെ മുന്നേറ്റം സംബന്ധിച്ച പ്രത്യേക പരമ്പരയിൽ, ഇന്ന്. (വോയിസ്)*

*ഹിമാചൽ പ്രദേശിലെ കുളു ജില്ലയിലെ പർബതി നദിയിൽ **NHPC** ലിമിറ്റഡിന്റെ നേതൃത്വത്തിൽ നിർമിച്ച ജലവൈദ്യുത നിലയമാണ് പർബതി-II . പ്രതിവർഷം ഏകദേശം 3,074 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശമായ ഡൽഹി,ജമ്മു കശ്മീർ , ചണ്ഡിഗഡ് എന്നിവിടങ്ങളിലാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ദുർബ്ബലമായ ഹിമാലയൻ ഭൂപ്രകൃതി കാരണം പദ്ധതി നിർമ്മാണത്തിൽ കാര്യമായ കാലതാമസം നേരിട്ടിരുന്നു. പ്രധാന മന്ത്രി നരേന്ദ്ര മോദി ഈ വിഷയം അവലോകനം ചെയ്യുകയും, നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഹിമാചൽ പ്രദേശ് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്യു. നേതൃത്വപരമായ ഇടപെടലിലൂടെ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള ഇന്ത്യയുടെ കഴിവിന്റെ പ്രകടനമാണ് പ്രഗതി സംവിധാനത്തിലൂടെ കാണാനാവുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-5

### TRAIN DELAYED

കനത്ത മൂടൽമഞ്ഞിനെ തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രെയിൻ സർവീസുകൾ തടസപ്പെട്ടു. ഡൽഹിയിലേക്ക് പോകുന്ന 70-ലധികം ട്രെയിനുകൾ രണ്ട് മണിക്കൂർ വൈകി ഓടുന്നതായി റെയിൽവേ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

### RAJASTHAN- COLD WAVE

രാജസ്ഥാനിൽ ശീത തരംഗം ജനജീവിതത്തെ സാരമായി ബാധിച്ചു. കനത്ത മൂടൽമഞ്ഞ് റോഡ്, റെയിൽ, വ്യോമ ഗതാഗതം തടസ്സപ്പെടുത്തി. 24 ജില്ലകളിലെ സ്കൂളുകളിൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ജനുവരി 10 വരെ അവധി പ്രഖ്യാപിച്ചു. വിനോദ് സഞ്ചാര കേന്ദ്രങ്ങളായ മൗണ്ട് അബു, സിക്കാർ എന്നിവിടങ്ങളിൽ 5 ഡിഗ്രി സെൽഷ്യസിൽ താഴെയാണ് താപനില.

❁❁❁❁❁❁❁❁❁❁❁❁❁

## HEADLINE-6

### ICC-BANGLADESH PLEA

2026 ലെ ടി20 ലോകകപ്പ് മത്സരങ്ങളുടെ വേദി ഇന്ത്യയിൽ നിന്ന് മറ്റൊരു രാജ്യത്തേക്ക് മാറ്റണമെന്ന ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന്റെ അപേക്ഷ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ തള്ളി. സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ടി-20 ലോകകപ്പിനായി ഇന്ത്യയിലേക്ക് വരാൻ ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് വിസമ്മതിച്ചത്. ബംഗ്ലാദേശിലെ ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ, വിവിധ സംഘടനകളുടെ പ്രതിഷേധം കണക്കിലെടുത്ത് ബംഗ്ലാദേശ് താരം മുസ്തഫിസുർ റഹ്മാനെ ഇന്ത്യൻ പ്രീമിയർ ലീഗിൽ നിന്ന് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഒഴിവാക്കിയതിനെ തുടർന്നാണ് ബംഗ്ലാദേശ് ഈ നിലപാട് സ്വീകരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

### INDIA-SOUTH AFRICA CRICKET

ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഉടൻ തുടക്കമാവും. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബൌളിംഗ് തിരഞ്ഞെടുത്തു. ആദ്യ രണ്ട് മത്സരങ്ങളിൽ വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം തന്നെ സ്വന്തമാക്കിയിട്ടുണ്ട്.

## SQUASH FINAL

വനിതാ അണ്ടർ-19 ബ്രിട്ടീഷ് ജൂനിയർ ഓപ്പൺ സ്ക്വാഷ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യൻ താരം അനാഹത് സിംഗ് വെള്ളി മെഡൽ നേടി. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ നടന്ന ഫൈനലിൽ ഫ്രാൻസിന്റെ ലോറൻ ബാൽട്ടയോടാണ് അനാഹത് പരാജയപ്പെട്ടത്..

## Trump oil

വെനസ്വേലയിൽ നിന്നും 30 മുതൽ 50 ദശലക്ഷം ബാരൽ വരെ എണ്ണ അമേരിക്കയ്ക്ക് കൈമാറാൻ തീരുമാനമായതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വിപണി വിലയ്ക്കായിരിക്കും എണ്ണ ലഭ്യമാക്കുക. ഇരു രാജ്യങ്ങൾക്കും തീരുമാനം ഗുണം ചെയ്യുമെന്നും ട്രംപ് പറഞ്ഞു.

## US GREENLAND TAKEOVER

ഗ്രീൻലാൻഡ് ഏറ്റെടുക്കുന്നതിന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സൈനിക നടപടി ഉൾപ്പെടെയുള്ള സാധ്യതകൾ വിലയിരുത്തിയതായി വൈറ്റ് ഹൗസ്. ഡെൻമാർക്കിലെ സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡ് യുഎസിന്റെ ദേശീയ സുരക്ഷയ്ക്ക് ആവശ്യമാണെന്ന് ട്രംപ് കഴിഞ്ഞദിവസം പ്രഖ്യാപിച്ചിരുന്നു. ഗ്രീൻലാൻഡിന് നേർക്കുള്ള അമേരിക്കയുടെ ഏതു വിധത്തിലുള്ള ആക്രമണവും നാറ്റോ സഖ്യത്തിന്റെ തകർച്ചയ്ക്ക് കാരണമാകുമെന്ന് ഡെൻമാർക്ക് പ്രധാനമന്ത്രി മെറ്റ് ഫ്രെഡറിക്സെൻ മുന്നറിയിപ്പ് നൽകി. യൂറോപ്യൻ സഖ്യകക്ഷികളും ഡെൻമാർക്കിനെ പിന്തുണച്ചു.

## Maharashtra government

നാല് വർഷത്തെ സേവനകാലം പൂർത്തിയാക്കിയ അഗ്നിവീറുകളുടെ പുനർനിയമന സാധ്യതകളെകുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ച് മഹാരാഷ്ട്ര സർക്കാർ. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ സമിതി പരിശോധിക്കും. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം, പരിശീലനം എന്നിവ നൽകുന്നതിനെക്കുറിച്ചും പരിശോധിക്കും.

**TEXTILE CONFERENCE**

ടെക്സ്റ്റൈൽസ് മന്ത്രിമാരുടെ ദേശീയ സമ്മേളനത്തിന് നാളെ അസമിലെ ഗുവാഹത്തിയിൽ തുടക്കമാകും. ടെക്സ്റ്റൈൽ നയം, നിക്ഷേപം, കയറ്റുമതി, അടിസ്ഥാന സൗകര്യ വികസനം, എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്ക് രണ്ട് ദിവസത്തെ സമ്മേളനം വേദി ഒരുക്കും. 2030 ഓടെ ഇന്ത്യയെ ആഗോള ടെക്സ്റ്റൈൽ നിർമ്മാണ കേന്ദ്രമാക്കാൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ സമ്മേളനത്തിൽ നടക്കും.